പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1557 **21. 01. 2014-** ലെ മറുപടി

## വിദേശരാജ്യങ്ങളിൽ ജോലിക്ക് പോകുന്ന മലയാളി യുവതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) വിവിധ വിദേശരാജ്യങ്ങളിൽ ജോലിക്ക് പോകുന്ന മലയാളി യുവതികൾ പെൺവാണിഭ റാക്കറ്റുകളുടെ വലയിലകപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) ഇത്തരം റാക്കറ്റുകളിൽപെട്ടുപോകുന്ന യുവതികളുടെ മോചനത്തിന് സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് അവരെ മോചിപ്പിച്ച് നാട്ടിലെത്തിക്കുന്നതിനുവേണ്ട സത്വര നടപടികൾ നോർക്ക വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം റാക്കറ്റുകളിൽപ്പെട്ടുപോകുന്ന യുവതികളെ എംബസികളുടെ ഷെൽറ്ററുകളിൽ എത്തിച്ച് നിയമസഹായം നൽകി തിരികെ നാട്ടിലെത്തിക്കുന്നതിനായി പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന ഒരു പദ്ധതിക്ക് നോർക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതിനായി ഈ സാമ്പത്തികവർഷം 4 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ പോകാനുദ്ദേശിക്കുന്നവർക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം എന്ന ഒരു ഏകദിന പരിപാടിയിലൂടെ ഇത്തരം റാക്കറ്റുകളിൽ അകപ്പെടാതെ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ച് അവബോധം നൽകുന്നുണ്ട്. നിയമപരമായ മാർഗ്ഗങ്ങളിലൂടെയല്ലാതെ യുവതികളെ വിദേശരാജ്യങ്ങളിലേക്ക് റിക്രൂട്ട് ചെയ്യുന്ന റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ എമിഗ്രേഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നിയമനടപടികൾ ആഭ്യന്തരവകുപ്പ് |

മുഖേന സ്വീകരിച്ചു വരുന്നു. കാര്യത്തിന്റെ ഗൌരവം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനപോലീസിൽ എസ്. പി. യുടെ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു എൻ.ആർ.ഐ. സെൽ പ്രവർത്തിച്ചു വരുന്നുണ്ട്.

സി) എത്ര യുവതികളെ ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ മോചിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) വിദേശരാജ്യങ്ങളിൽ തൊഴിൽതേടി പോകുന്ന മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ ലഭിക്കുന്ന പരാതികളിൽ ഇന്ത്യൻ എംബസി മുഖേന പ്രശ്നപരിഹാരം കാണാറുണ്ട്. എന്നാൽ അപ്രകാരം മടങ്ങിയെത്തുന്ന വിദേശ മലയാളികൾ വിവരം യഥാസമയം നോർക്ക വകുപ്പിനെ അറിയിക്കാറില്ല. അതിനാൽ എത്ര യുവതികളെ മോചിപ്പിച്ചു എന്നതിന്റെ കൃത്യമായ കണക്ക് നോർക്ക വകുപ്പിൽ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ